(ഡി) ഐ.സി.ഡി.പി. പ്രവർത്തനങ്ങൾ കൂടുതൽ ജില്ലകളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഐ.സി.ഡി.പി. പ്രവർത്തനങ്ങൾ കൂടുതൽ ജില്ലകളിൽ നടപ്പിലാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

മുറ്റത്തെ മുല്ല ലഘു വായ്പാ പദ്ധതി

270(284) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള മുറ്റത്തെ മുല്ല ലഘു വായ്പാ പദ്ധതി വഴി എത്ര കോടി രൂപ വായ്പ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ?

മുറ്റത്തെ മുല്ല ലഘു വായ്പാ പദ്ധതി വഴി 30-6-2021 വരെ 12,070,052,457 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ വ്യവസ്ഥകൾ ഏതെല്ലാം; വ്യക്തമാക്കാമോ?

കുടുംബശ്രീയുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന " മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി പ്രകാരം 1,000 രൂപ മുതൽ 50,000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുക. വായ്പക്കാരിൽനിന്നും 12 ശതമാനം പലിശ (100 രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽനിന്നും 9 ശതമാനം പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാനപ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളാണ് (1 വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1,000 രൂപ വായ്പ എടുത്ത ഒരാൾ 1 വർഷംകൊണ്ട് 52 ആഴ്ചകളിൽ തുല്യഗഡുക്കളായി 1,120 രൂപ തിരിച്ചടയ്ക്കണം. 10 ആഴ്ചകളിൽ തിരിച്ചടവ് പൂർത്തിയാകുന്ന വായ്പകളും നൽകാവുന്നതാണ്. വായ്പയുടെ തിരിച്ചടവ് കുടുംബശ്രീ യൂണിറ്റുകൾ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി കുടുംബശ്രീ യൂണിറ്റും പ്രാഥമിക കാർഷിക വായ്പാ സംഘവും വായ്പക്കാരനും തമ്മിൽ ഒരു ത്രികക്ഷി സമ്മതപത്രം ഒപ്പിടുന്നു. ടി സമ്മതപത്രത്തിൽ ഒന്നാം കക്ഷി പ്രാഥമിക സഹകരണ സംഘവും രണ്ടാംകക്ഷി കുടുംബശ്രീ അംഗവും മൂന്നാംകക്ഷി വായ്പക്കാരനുമാണ്. ഏതെങ്കിലും വായ്പക്കാരൻ തിരിച്ചടവ് 3 മാസത്തിലധികം മുടക്കുന്നപക്ഷം വായ്പക്കാരനും കുടുംബശ്രീ അംഗവും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികളായിരിക്കും. അത്തരം വായ്പക്കാരെ നേരിട്ട് പ്രാഥമിക സംഘത്തിലെ വായ്പക്കാരനായി മാറ്റി അവരിൽനിന്നും വായ്പ തുക വസൂലാക്കുന്നതിന് സംഘത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ട്. കടിശ്ശിക വായ്പയുടെ 20 ശതമാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അധികരിക്കുന്ന സാഹചര്യം ഉണ്ടായാൽ അതിന് ഉത്തരവാദികളായ കുടുംബശ്രീ യൂണിറ്റുകളുടെ ക്യാഷ് ക്രെഡിറ്റ് വായ്പ പരിധി തുടർവർഷങ്ങളിൽ പുതുക്കി നൽകില്ല.

(സി) ഈ പദ്ധതി വിപുലീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ

271(285) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലെ അംഗങ്ങൾക്ക് ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ അംഗങ്ങൾക്ക് ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള RFP (Request For Proposal) ഇ-ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

(ബി) എങ്കിൽ പ്രസ്തുത സോഫ്റ്റ്വെയർ മുഖേന ഏതൊക്കെ സേവനങ്ങൾ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ്. തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലാണ് RFP (Request For Proposal) തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലാണ് ഏകീകൃത സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുള്ളത്. അതോടൊപ്പം സംഘങ്ങളുടെ ഭരണനിർവ്വഹണം, സംഘം ജീവനക്കാരുടെ ശമ്പളം, വിദ്യാഭ്യാസ യോഗ്യത, ഉദ്യോഗക്കയറ്റം എന്നിവ സംബന്ധിച്ചുള്ള വിവരവും ആഡിറ്റിന് ആവശ്യമായ റിപ്പോർട്ടുകൾ, ഭരണപരമായ റിപ്പോർട്ടുകൾ, സംഘങ്ങളുടെ ഹെഡ് ആഫീസ്/ ശാഖകളിലെ ദൈനംദിന കണക്കുകളെ സംബന്ധിച്ചുള്ള റിപ്പോർട്ട് തുടങ്ങി സഹകരണ സംഘം രജിസ്ട്രാർ/ സർക്കാർ നിർദ്ദേശിക്കുന്ന രീതിയിലുള്ള എല്ലാ റിപ്പോർട്ടുകളും ഈ സോഫ്റ്റ്വെയറിലൂടെ ലഭ്യമാകുന്നതാണ്.